കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

കഠിനംകുളം ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2017-18**

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

**email :- lfadtvm@yahoo.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി. 11 /319/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 22.04.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കഠിനംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- കഠിനംകുളം ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.11/319/2019 തീയതി: 24.04.2019

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.08.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 61 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികളും വിശദീകരണങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സാജൻലാൽ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.02.2019 മുതൽ 21.02.2019 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മുഹമ്മദ് സലിം, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സ്വപ്ന ആർ.കെ,അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ബിന്ദു.ഒ.അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പ്രേംനാഥ്.ജി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. പി.ഫെലിക്സ് | 01.04.2017മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീമതി ആമിനാബായി.എ | 01.04.2017മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്, വിലാസം | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ജയനഹാൻ | 01.04.2017 - 31.03.2018 |
| കൃഷി ഓഫീസർ | ശ്രീമതി.സീമ.വി | 01.04.2017 - 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ) | ശ്രീ. ഹരിശങ്കർ | 01.04.2017 - 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി-സർക്കിൾ) | ശ്രീമതി. സീന | 01.04.2017 - 31.03.2018 |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി ശ്രീകുമാരി | 01.04.2017 - 31.03.2018 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ശ്രീ. ഗോഡ്ഫ്രീ പെരേര | 01.04.2017 - 31.03.2018 |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ശ്രീമതി സിമി ദിവാൻ | 01.04.2017 - 31.03.2018 |
| ഹെഡ്മാസ്റ്റർ | ശ്രീ. മുഹമ്മദ് റാഫി | 01.04.2017 - 31.03.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ജയലക്ഷ്മി.ബി | 01.04.2017 - 31.03.2018 |
| വെറ്ററിനറി സർജൻ | ശ്രീ. ബിനോദ് | 01.04.2017 - 31.03.2018 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.ദിലീപ് കുമാർ | 01.04.2017 - 31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ശ്രീത | 01.04.2017 - 31.03.2018 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം 2 | | |
| 12 | ബജറ്റ് രൂപീകരണം യാഥാർത്ഥ്യബോധത്തോടെയാകണം | 2-1 | |
| 13 | ഇ ടെണ്ടർ -ടെണ്ടർ ഫാറം വില തിരികെ ഈടാക്കണം | 2-2 | |
| 14 | രസീത് ബുക്കുകളുടെ പരിപാലനം- കേ.പ.രാ ചട്ടങ്ങൾ പാലിക്കേണ്ടതാണ്. | 2-3 | |
| 15 | റേഷൻകടകൾക്ക് തൊഴിൽ നികുതി ഈടാക്കണം | 2-4 | |
| 16 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിൽ ശ്രദ്ധപുലർത്തണം | 2-5 | |
| 17 | വസ്തുനികുതി-കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കണം | 2-6 | |
| 18 | വസ്തു നികുതി ഒഴിവാക്കൽ നടപടിക്രമം പാലിക്കണം | 2-7 | |
| 19 | ചിറ്റാറ്റുമുക്ക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് അവകാശം ലേലം-RR നടപടി ത്വരിതപ്പെടുത്തണം | 2-8 | |
| | ഭാഗം 3 | | |
| 20 | പെർഫോമൻസ് ഓഡിറ്റ് ശക്തമാക്കണം | 3-1 | |
| 21 | വൌച്ചർ പരിപാലനം- അക്കൌണ്ടിംഗ് ചട്ടങ്ങൾ പാലിക്കണം | 3-2 | |
| 22 | കൈമറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് നൽകുന്ന കണ്ടിൻജൻറ് ചെലവ് തുകകൾ-സാമ്പത്തിക വർഷത്തിന് ശേഷവും ചെലവഴിക്കുന്നു-ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കണം | 3-3 | |
| 23 | തെരുവ് വിളക്ക് പരിപാലനം - അപാകതകൾ | 3-4 | |

| | | | |
|---|---|---|---|
| 24 | സാംഖ്യ സ്റ്റേറ്റ്മെന്റിൽ ചെലവു വിവരം ഉൾപ്പെടുത്തിയിട്ടില്ല | 3-5 | |
| 26 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.-3660259/- തടസ്സപ്പെടുത്തുന്നു | 3-6 | |
| 27 | ഓഫീസ് വാഹന പരിപാലനം-അപാകതകൾ | 3-7 | |
| 28 | ചാന്നാങ്കര ചിന്ത പുതുവൽ റോഡ് റീടാറിംഗ്- അധികാര പരിധിക്ക് പുറത്തുള്ള പ്രവർത്തികൾനടപ്പിലാക്കി.-18318/- രൂപ നിരാകരിക്കുന്നു. | 3-8 | |
| 29 | സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് – ഫീസ് ശരിയായ കണക്ക് ശീർഷകത്തിൽ അടവാക്കുന്നില്ല | 3-9 | |
| 30 | ഹെഡ്മാസ്റ്റർ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ രേഖകൽ ഹാജരാക്കിയില്ല – ചെലവു തുക 1272680/- രൂപ തടസ്സപ്പെടുത്തുന്നു. | 3-10 | |
| 31 | കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ - രേഖകൾ സൂക്ഷിക്കുന്നില്ല – നടത്തിപ്പിൽ അപാകങ്ങൾ | 3-11 | |
| 32 | വികസനഫണ്ട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ടി.എസ്.ബി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് ചെലവ് നിർവ്വഹിച്ചു - മാർഗ്ഗ രേഖയുടെ ലംഘനം | 3-12 | |
| 33 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - സബ്സിഡി തുക കർഷകർക്ക് നേരിട്ട് നൽകുന്നതിന് പകരം സഹകരണ സംഘ അക്കൗണ്ട് വഴി വിതരണം ചെയ്തു - മാർഗ്ഗ രേഖാ നിർദ്ദേശം പാലിച്ചില്ല | 3-13 | |
| 34 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി -പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ | 3-14 | |
| 35 | മത്സ്യ മേഖലയിലെ സ്പെഷ്യൽ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. | 3-15 | |
| 36 | അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്ട് രൂപീകരിച്ചതിൽ നിന്ന് വ്യത്യസ്തമായി ചെലവ് നിർവ്വഹിച്ചു. | 3-16 | |
| 37 | പാലിയേറ്റിവ് കെയർ പരിചരണം - മരുന്നു വാങ്ങൽ പ്രോജക്ട് - മരുന്ന് യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്. | 3-17 | |
| 38 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-18 | |
| 39 | മാലിന്യസംസ്കരണപ്ലാന്റ്സ്ഥാപിക്കൽ - സ്പിൽഓവറായും നടപ്പിലാക്കിയില്ല- 9,91,530/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ തിരികെ ഒടുക്കേണ്ടതാണ്. | 3-19 | |
| 40 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- സർക്കാർ നിർദ്ദേശം പൂർണമായും പാലിക്കേണ്ടതാണ്. | 3-20 | |
| 41 | അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ടുകൾ-എസ്.സി.പി ഫണ്ട് വിനിയോഗം34% മാത്രം | 3-21 | |
| 42 | പദ്ധതി മോണിട്ടറിംഗ് അനിവാര്യം. | 3-22 | |
| | ഭാഗം 4 | | |
| 43 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 44 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 46 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 47 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 48 | ഓഡിറ്റ് റിക്കവറി | 4-6 | |
| 49 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 50 | ചാർജ്/സർചാർജ് – നടപടികളുടെ വിവരം | 4-8 | |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18സാമ്പത്തിക വർഷത്തെ ബജറ്റ് 29.3.2017 തീയതിയിലെ I(1)-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 33,80,92,563/- രൂപയും പ്രതീക്ഷിത ചെലവ് 27,34,00,000/- രൂപയും നീക്കിയിരിപ്പ് 6,46,92,563/- രൂപയും യഥാർത്ഥ വര് 9,69,62,446/- രൂപയും ചെലവ് 12,75,07,224/- രൂപയും നീക്കിയിരിപ്പ് 3,58,09,639/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 20.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018 - 28.06.2018 | കെ.എസ്.എ.റ്റി.വി.എം.ജി.പി11/1492/2018 തീയതി,30.8.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6,63,54,417 |
| വരവ് | 9,69,62,446 |
| ആകെ | 16,33,16,863 |
| ചെലവ് | 12,75,07,224 |
| നീക്കിയിരിപ്പ് | 3,58,09,639 |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വി.ഫ ജനറൽ | 0 | 26080504 | 26080504 | 26080504 | 0 |
| വി.ഫ എസ്.സി.പി | 0 | 3808141 | 3808141 | 3808141 | 0 |
| വി.ഫ, റ്റി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 10617845 | 10617845 | 10617845 | 0 |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 3086697 | 3086697 | 3086697 | 0 |
| സെന്ട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8227471 | 8227471 | 8227471 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 2312695 | 2312695 | 2312695 | 0 |
| ട്രഷറി റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 37737520 | 16337000 | 54074520 | 50861168 | 3213352 |
| DCB-ലിറ്ററസി | 99 | 0 | 99 | 0 | 99 |
| Indian Bank-എം.എൻ.ആർ.ഇ.ജി.എസ് | 72037 | 1387881 | 1459918 | 1440146 | 19772 |

| | | | | | |
|---|---|---|---|---|---|
| എസ്.ബി. ഐ- ഇ-പേയ്മെന്റ് | 0 | 91999 | 91999 | 0 | 91999 |
| ബി ഫണ്ട് | 0 | 421800 | 421800 | 421800 | 0 |
| Indian Bank-തനത് ഫണ്ട് | 27854827 | 24411730 | 52266557 | 20650757 | 31615800 |
| Dist.Co-operative Bank-തനത് ഫണ്ട് | 0 | 0 | 0 | 0 | 0 |
| ട്രഷറി- തനത് ഫണ്ട്-VPFA-I,II | 0 | 0 | 0 | 0 | 0 |
| SBT-തനത് ഫണ്ട്2 | 0 | 0 | 0 | 0 | 0 |
| Union bank-പൈക്ക | 71127 | 3393 | 74520 | 0 | 74520 |
| Indian bank-Health Insurance | 618807 | 0 | 618807 | 0 | 618807 |
| ക്യാഷ് (തനത് ഫണ്ട്) | 0 | 175290 | 175290 | 0 | 175290 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷിഓഫിസർ | 7 | 1466100 | 7 | 1138375 | - | - | 100 |
| 2 | വെറ്ററിനറി സർജൻ | 5 | 2900016 | 4 | 1981500 | 1 | 1 | 68 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച് സി.) | 5 | 1732622 | 4 | 1532622 | - | 1 | 88 |
| 4 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2 | 1262890 | 2 | 1262890 | - | - | 100 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 9713892 | 4 | 8408992 | 1 | 1 | 87 |
| 6 | സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 5 | 2492000 | - | ഇല്ല | 0 | | 0 |
| 7 | വി.ഇ.ഒ I | 6 | 3249500 | 5 | 181600 | 1 | 1 | 83 |
| 8 | വി.ഇ.ഒ II | 6 | 9684617 | 6 | 9246617 | - | - | 100 |
| 9 | സെക്രട്ടറി | 21 | 13343176 | 13 | 10528342 | 1 | 8 | 79 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 6751000 | 5 | 2041824 | 5 | - | 55 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 107 | 73928023 | 43 | 23855468 | 5 | 64 | 40 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 3672500 | 4 | 2202385 | 3 | - | 75 |
| 13 | ഗവ.U.P സ്കൂൾ ഹെഡ്മിസ്ട്രസ് | 7 | 3378640 | 3 | 1272680 | - | 4 | 30 |
| | ആകെ | 189 | 133474976 | 100 | 64653295 | 18 | 85 | 48.4 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 72037 | 1387881 | 1459918 | 1440146 | 19772 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 26008977 | 26008977 | 26008977 | - | - |
| ആകെ | 72037 | 27396858 | 2746889 | 27449123 | 19772 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 91800 | 153 |
| കർഷകതൊഴിലാളി പെൻഷൻ | 352000 | 32 |
| വിധവാപെൻഷൻ | 21191100 | 2007 |
| വാർദ്ധക്യകാലപെൻഷൻ | 41579700 | 4108 |
| വികലാംഗപെൻഷൻ | 7829300 | 773 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 330000 | 82 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 717200 | 67 |
| ആകെ | 72280900 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.2.2018ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി പരിശോധനയിൽ 21,700/-രൂപയുടെ ക്യാഷ് പരിശോധിച്ചു.ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ഭരണ സൗകര്യത്തിനായി സെക്രട്ടറി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാർക്ക് നല്കിയെങ്കിലും അതനുസരിച്ച് ഓഫീസ് പ്രവർത്തനം നിയന്ത്രിക്കുന്നതിൽ മേൽനോട്ടച്ചുമതല നല്കിയ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതായോ, സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യം അജണ്ട വച്ച് ചർച്ച ചെയ്യുന്നതായോ കാണുന്നില്ല. പ്രതിമാസ സ്റ്റാഫ് മീറ്റിംഗം വിളിച്ച് ചേർത്തിട്ടില്ല.

രസീത് ബുക്കുകളുടെ വിതരണത്തിലും, പരിപാലനത്തിലും വേണ്ടത്ര ശ്രദ്ധ പുലർത്താനായില്ല. അക്കൗണ്ടിംഗ്

സംവിധാനം തൃപ്തികരമല്ല. ചെലവ് വൗച്ചറുകൾ സാംഖ്യയിൽ ജനറേറ്റ് ചെയ്യാതെയും പൂർണമായി ഉൾപ്പെടുത്താതെയും പ്രസിഡന്റിന്റെ അംഗീകാരം നേടാതെയും ചെലവ് ചെയ്തിട്ടുണ്ട്. മാസാന്ത്യ-വർഷാന്ത്യ ബാങ്ക്ബുക്ക്-പാസ്ബുക്ക് റെക്കൺസിലിയേഷൻ നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വരവിനങ്ങളുടെ രജിസ്റ്ററുകളും അപേക്ഷകളും മറ്റ് അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും വരവുകൾ കൃത്യമായി തിട്ടപ്പെടുത്തി ഉറപ്പുവരുത്തുന്നതിനും മതിയായ സംവിധാനം ഇല്ല. കണ്ടിജന്റ് ചെലവുകൾക്ക് തനത് ഫണ്ടിൽ നിന്ന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് തുക നല്കിയെങ്കിലും പ്രസ്തുത തുകയുടെ വിനിയോഗം മോണിട്ടർ ചെയ്യുന്നതിൽ വീഴ്ചയുണ്ട്. സുതാര്യമായ ധനകാര്യ മാനേജ്മെന്റ്, ധനകാര്യ ഇടപെടലുകളുടെ കൃത്യത പൂർണത നിയമസാധുത എന്നിവ ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല (GO(Ms)18/2015/ത.സ്വ.ഭ.വ, 21.1.2015)

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് അളവ് പുസ്തകവും, ഫയലുകളും സൂക്ഷിക്കുന്നുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഭരണ ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തി ആഭ്യന്തരനിയന്ത്രണസംവിധാനം കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(i)പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്(.സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). പ്രസ്തുത മാർഗരേഖയിലെ അനുബന്ധം7,8,9,10,11 യഥാക്രമം സേവനവിവര ബോർഡ്, ഹാജർ ബോർഡ്, ഗ്രാമസഭാ ബോർഡ്, യോഗങ്ങൾ സംബന്ധിച്ച ബോർഡ്, സർവീസ് സ്റ്റാറ്റസ് സംബന്ധിച്ച വിവരങ്ങൾ എന്നിവയാണ്. പ്രസ്തുത വിവരങ്ങൾ നാളിതുവരെ പഞ്ചായത്തിൽ തയ്യാറാക്കി പ്രദർശിപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ബോർഡുകൾ തയാറാക്കി വരുന്നു എന്നറിയിച്ചു.

ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്തി ജനോപകാരപ്രദമാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

ii) പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല

2004-ലെ കേ.പ.രാ പൗരാവകാശരേഖ തയ്യാറാക്കൽ ചട്ടങ്ങൾ (ചട്ടം3(1), 4 എന്നിവ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി പ്രാബല്യത്തിൽ വന്ന് 6 മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും, പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരം പൗരാവകാശരേഖ നാളിതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണം1/11.2.2019ന് ലഭ്യമാക്കിയ മറുപടിയിൽ പൗരാവകാശരേഖ പ്രിന്റ് ചെയ്ത് വരുന്നു എന്നറിയിച്ചു.

ജനാധിപത്യ സംവിധാനത്തിൽ ഭരണസ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭിക്കേണ്ട അവകാശങ്ങളെക്കുറിച്ചും അവയുടെ നിർവഹണത്തെക്കുറിച്ചും ഉറപ്പ് വരുത്തുവാൻ ഉത്തരവാദിത്വമുള്ള സെക്രട്ടറിയും സേവനമേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും അർപ്പിതമായ ഉത്തരവാദിത്തം നിറവേറ്റി കാണുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.01.2019 | വിവരം ലഭ്യമാക്കിയില്ല | 14.1.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമാക്കിയില്ല | 2012-13 മുതൽ 2015-16വരെ | 18.11.2016 |

## 1-12 വാർഷിക കണക്കുകളിലെ മറ്റ് അപാകതകൾ

സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമായ ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ വാർഷിക ധനകാര്യപത്രികയിലെ ശീർഷകളിൽ പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല.

| | ലഭ്യമായ തുക | അക്കൗണ്ട്സിൽ രേഖപ്പെടുത്തിയ തുക | ചെലവാക്കിയ തുക | തനത് ഫണ്ടിൽ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1182900 | 20400 | 1180285 | 2615 |
| ജില്ലാ പഞ്ചായത്ത് | 782900 | 782900 | 743150 | 39750 |

മേൽ അപാകതയ്ക്കുള്ള വിശദീകരണവും, അവശേഷിക്കുന്ന തുകകൾ തിരികെ നൽകിയതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം യാഥാർത്ഥ്യബോധത്തോടെയാകണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കേണ്ടതാണ്. ബജറ്റ് ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ നടപടിക്രമങ്ങൾ പാലിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്ന് ഓഡിറ്റിൽ പരിശോധിക്കാനായില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ (നം. 6/11.2.19)ത്തിന് മറുപടി ലഭ്യമാക്കിയിട്ടുമില്ല. 2017-18 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ ബജറ്റ് യഥാർത്ഥ വരവ് ചെലവുമായി പൊരുത്തമില്ല. ബജറ്റ് പെരുപ്പിച്ച് കാണിക്കാനുള്ള ശ്രമം നിരുത്സാഹപ്പെടുത്തേണ്ടതാണ്. ബജറ്റ് എന്നത് വരവ് ചെലവുകളുടെയും സംഖ്യകളുടെയും യാന്ത്രികമായ പ്രയോഗം എന്നതിലപ്പുറം ഒരു സ്ഥാപനത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു പ്രതീക്ഷിത രേഖയാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 2-2 ഇ ടെണ്ടർ -ടെണ്ടർ ഫാറം വില തിരികെ ഈടാക്കണം

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയായ 115800/- രൂപ തിരികെ ഈടാക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതും ധനകാര്യസ്റ്റാന്റംഗ് കമ്മിറ്റി മോണിട്ടറ് ചെയ്യേണ്ടതും ആണ്.

## 2-3 രസീത് ബുക്കുകളുടെ പരിപാലനം- കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

i) സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തണം

2011ലെ കേ.പ.രാ. അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 83 പ്രകാരം ഓരോ രസീത് ബുക്കുകളിലുമുള്ള പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം സെക്രട്ടറിയോ അക്കൗണ്ടന്റോ ഇതിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പ് വയ്ക്കേണ്ടതാണ്. പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. ഉദാ. നിർവഹണ ഉദ്യോഗസ്ഥർക്ക് നല്കിയ 17005,17006,17010, 170026,170027 തുടങ്ങിയ രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സാമ്പത്തിക വർഷം ഉപയോഗിക്കാത്ത രസീത് ബുക്കുകൾ തിരികെ വാങ്ങുകയും ചെയ്തിട്ടില്ല. പഞ്ചായത്ത് രസീത് സ്റ്റോക്ക് രജിസ്റ്റർ (പേജ് നം.88)പ്രകാരം 2017-18 സാമ്പത്തിക വർഷം വെറ്ററിനറി സർജന് (രസീത് ബുക്ക്

സീരിയൽ നം 17026 -17030(5എണ്ണം), സീരിയൽ നം17005-17009- 5എണ്ണം) ആകെ 10രസീത് ബുക്കുകൾ നല്കിയിട്ടുണ്ട്. അതിൽ 17008, 17009 എന്നീ സീരിയൽ നമ്പറിലുള്ള രസീത് ബുക്കുകൾ ഓഡിററിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 30/17-18 ഇത്തരം വീഴ്ചകൾ ആവർത്തിയ്ക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. വിവിധ ആവശ്യങ്ങൾക്കായി ഇഷ്യൂ ചെയ്ത രസീത് ബുക്കുകൾ പൂർണമായി ഉപയോഗിച്ച് തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേല്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്കുകൾ നല്കരുതെന്ന നിർദ്ദേശവും ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. കൂടാതെ പിരിവിന് വേണ്ടി ഉപയോഗിക്കുന്ന രസീത് ബുക്കുകളിൽ ഉപയോഗിക്കാതെ വരുന്ന രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം ക്യാൻസൽ ചെയ്ത് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം എന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

ii)സാംഖ്യ രസീതുകളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

2017-18സാമ്പത്തിക വർഷത്തിൽ ഉപയോഗിച്ച സാംഖ്യ രസീതുകളുടെ സ്റ്റോക്ക് വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

iii)രസീത് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല

ശ്രീ.ഫാസിൽ -LDC ക്ക് നല്കിയരസീത് ബുക്ക് നം.17017 പ്രസ്തുത രസീത് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല. പ്രസ്തുത രസീത് ബുക്കിന്റെ 62 രസീതുകൾ ഉപയോഗിച്ച് പിരിവ് നടത്തുകയും, തുക ODC യിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം 30/13.2.19 ന് നല്കിയ മറുപടിയിൽ പ്രസ്തുത രസീത് ബുക്ക് ക്ലാർക്ക് ശ്രീ.ഫാസിൽ.എ ക്ക് 18.12.17 ന് ഇഷ്യൂ ചെയ്തതാണെന്നും 21.2.18 ൽ 13-ാം വാർഡിൽ നടന്ന ക്യാമ്പ് കളക്ഷന് ശേഷം ഓഫീസിൽ സൂക്ഷിച്ചിരുന്നത് നഷ്ടപ്പെട്ടു എന്നും, അത് സംബന്ധിച്ച് കഠിനംകുളം പോലീസ് സ്റ്റേഷനിൽ പരാതി നല്കുകയും, ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു എന്നും അറിയിച്ചു. പ്രസ്തുത നടപടികൾ തുടർന്ന് വരുന്നു എന്ന് അറിയിച്ചിട്ടുണ്ട്. നടപടി തീർപ്പാക്കുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

iv)മറ്റ് അപാകതകൾ

1) പിരിവ്ജീവനക്കാരുടെ Out door collection register(ODR) ഈ സാമ്പത്തിക വർഷത്തിൽ മേലധികാരികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൌണ്ട്സ് റൂളിൽ പ്രതിപാദിക്കും വിധം പ്രതിദിന കാഷ് ബുക്ക് / ബാങ്ക് ബുക്ക് പരിശോധനയും സാക്ഷ്യപ്പെടുത്തലും മാസാന്ത്യ reconciliation ഉം നടത്തിയിട്ടില്ല.

2) ഓഫീസ് ഉത്തരവ് പ്രകാരം രസീത് പിരിവ്,ഒടുക്ക്. എന്നിവയുടെ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥന്റെയും ആ കാലയളവിലെ അക്കൌണ്ടന്റന്റെയും കൃത്യനിർവഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) പിരിവ് ജീവനക്കാർ ഫ്രണ്ട് ഓഫീസിൽ റമിറ്റൻസ് നടത്തി പിരിവ് തുകയുടെ രസീത് out door collection register ൽ ഒട്ടിച്ചിട്ടില്ല.

## 2-4 റേഷൻകടകൾക്ക് തൊഴിൽ നികുതി ഈടാക്കണം

ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിലവിൽ 23 റേഷൻകടകൾ പ്രവർത്തിച്ച് വരുന്നതായും, അവക്ക് തൊഴിൽ നികുതിയും, സ്ഥാപന നികുതിയും നാളിതുവരെ ഈടാക്കിയിട്ടില്ല എന്നും ഓഡിറ്റ് അന്വേഷണം 21/11.2.19 ത്തിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ നല്കേണ്ടതാണ്.

## 2-5 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിൽ ശ്രദ്ധപുലർത്തണം

ബജറ്റ് തയ്യാറാക്കുന്ന വേളയിൽ നിലവിലെ വരുമാന സ്രോതസ്സ് ഉറപ്പാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് 1996 ലെ കേ.പ.രാ(ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം5 ലെ മാതൃകയിൽ സൂക്ഷിക്കേണ്ടതും, ചട്ടം 10 പ്രകാരമുള്ള ലൈസൻസ് പുതുക്കാൻ നിർദ്ദേശം നല്കേണ്ടതുമാണ്. പ്രസ്തുത നടപടിക്രമം പാലിച്ചതിന് രേഖകളില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ, മിനിട്സ്, സെക്രട്ടറി തയ്യാറാക്കിയ ഓഫീസ് ഉത്തരവ് തുടങ്ങിയ ഓഫീസ് രേഖകളിൽ ഇക്കാര്യം സൂചിപ്പിച്ച് കണ്ടില്ല. വ്യാപാരികളും വ്യവസായികളും ഒടുക്ക് വരുത്തിയ ലൈസൻസ് ഫീയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റ് ആണ് സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ളത്. മേൽ

സൂചിപ്പിച്ച ചട്ട പ്രകാരം വാർഡ് അടിസ്ഥാനത്തിൽ പരിശോധന നടത്തി ലിസ്റ്റ് തയ്യാറാക്കാനും, ഈ ഇനത്തിലുള്ള വരുമാനചോർച്ച ഒഴിവാക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധപുലർത്തണം.

## 2-6 വസ്തുനികുതി-കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കണം

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി-15 പ്രകാരം ലഭിക്കാനുള്ള കെട്ടിട നികുതി താഴെ പറയുന്നു.

| | |
|---|---|
| Receivable for property tax on residential buildings (current) | 147313 |
| Receivable for property tax on residential buildings (arrears) | 1226854 |
| Receivables for property tax on non residential buildings (current) | 1724081 |
| Receivables for property tax on non residential buildings (arrears) | 1060001 |

ഗാർഹികമല്ലാത്ത കെട്ടിടങ്ങളിൽ നിന്നും 2784082/- രൂപയും, ഗാർഹിക കെട്ടിടങ്ങളിൽ നിന്ന് 1374167/- രൂപയും ഉൾപ്പെടെ 4158249/- രൂപ 2018 മാർച്ച് 31 നകം ലഭിക്കേണ്ടതുണ്ട്. എന്നാൽ കുടിശ്ശിക തുകകൾ പിരിച്ചെടുക്കാനുള്ള നടപടികൾ അധികൃതർ ആരംഭിച്ചിട്ടില്ല. ടി തുകകൾ ലഭ്യമാക്കാനുള്ള നടപടികൾ തുടർനടപടികൾ സ്വീകരിക്കുന്നതിന് കാലികമായുള്ള അസസ്മെന്റ് രജിസ്റ്ററുകൾ, സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്ററുകൾ, പെർമിറ്റ് രജിസ്റ്ററുകൾ, യു.എ രജിസ്റ്റർ, തുടങ്ങിയവ അത്യന്താപേക്ഷിതമാണ്. ടി രജിസ്റ്ററുകൾ കാലികമാക്കി ഡിമാന്റ് രജിസ്റ്റർ, അരിയർ രജിസ്റ്റർ പൂർത്തീകരിച്ച് കുടിശ്ശിക പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്.

## 2-7 വസ്തു നികുതി ഒഴിവാക്കൽ നടപടിക്രമം പാലിക്കണം

i)വിമുക്ത ഭടന്മാരുടെ അപേക്ഷകൾ

സംസ്ഥാനത്തെ വിമുക്ത ഭടന്മാരേയും, വിധവകളുടെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളുടെ വീട്ടുകരം ഒടുക്കുന്നതിൽ നിന്ന് സർക്കാർ ഇളവ് നല്കിയിട്ടുണ്ട് (സ.ഉ(കൈ) നം.106/17/ത.സ്വ,ഭ.വ,26.5.17) കെട്ടിട നികുതി ഇളവ് നല്കുന്നതിനുള്ള അപേക്ഷ /സാക്ഷ്യപത്രം ഓരോ വർഷവും മാർച്ച് 31ന് മുമ്പായി തദ്ദേശഭരണ മേധാവിക്ക് നല്കേണ്ടതും പ്രസ്തുത വിവരം പരിശോധിച്ച സെക്ഷന്റെ റിപ്പോർട്ട് സഹിതം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നല്കേണ്ടതാണെന്നും, ഒരു പ്രത്യേക രജിസ്റ്റർ തയ്യാറാക്കി പ്രസ്തുത രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ കൂടിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പ്രകാരം(8.5.17, 26.5.17)ഒഴിവാക്കി നല്കിയ ചുവടെ ചേർക്കുന്ന അപേക്ഷകളും, റിപ്പോർട്ടും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ മേൽ സൂചിപ്പിച്ച പ്രകാരമുള്ള രജിസറ്ററുകളുംസ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇവയുടെ നിജസ്ഥിതി ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

1.ശ്രീ.ശിവൻനായർ, ശ്രീജാലയം, പടിഞ്ഞാറ്റുമുക്ക്.

2.ശ്രീ.മനോജ്കുമാർ എം.എസ്., അശ്വതി,ഏലായിൽ റോഡ്, മേനംകുളം

3.ശ്രീഹാരി ഇ പേരേര, വിളയിൽതെരുവിൽ, പുതുക്കുറിച്ചി.

4.ശ്രീ.കബീർ,ഷിജിറ മൻസിൽ, ചിറ്റാറ്റ്മുക്ക്,

5.ശ്രീമതി.ഏലിയാമ്മ ആന്റണി, ആൽവ ഹൌസ്, ചിറ്റാറ്റ്മുക്ക്

നിയമാനുസൃത രജിസ്റ്റർ പാലിക്കാത്തതിനാലും രേഖകൾ കൃത്യമായി പരിശോധനക്ക് വിധേയമാക്കാതെ വരികയും ചെയ്യുന്നത് അനധികൃത ആനുകൂല്യം നല്കുന്നതിനും തദ്വാരാ വരവ് നഷ്ടത്തിനും സാധ്യതയുണ്ടാകും.

## 2-8 ചിറ്റാറ്റുമുക്ക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് അവകാശം ലേലം-RR നടപടി

<u>ത്വരിതപ്പെടുത്തണം</u>

എ) 2017-18സാമ്പത്തിക വർഷം ചിറ്റാറ്റുമുക്ക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് 2.3.17ന് ലേലം നടത്തി 15,60,000/- രൂപക്ക് ശ്രീ.ചന്ദുലാൽ , ചന്ദ്രത്തിൽ വീട്, ചിറ്റാറ്റുമുക്ക് പി.ഒ,എന്ന വ്യക്തിക്ക് അംഗീകരിച്ച് നല്കി. ലേല പരസ്യത്തിലെ വ്യവസ്ഥകൾ പ്രകാരം ലേലത്തുകയുടെ നാലിലൊന്നായ 3,90,000/-രൂ കരാറുകാരൻ ഒടുക്കിയിട്ടുണ്ട്(Rs.50,000/- 11623400011/4.3.17, Rs.40,000/- 11623100714/4.3.17, Rs.3,00,000/- 11623100704/3.3.17) .ശേഷിക്കുന്ന തുക 30.6.2017 നം, 30.9.2017 നം തുല്യ തവണകളായി ഒടുക്കി രസീത് വാങ്ങേണ്ടതാണ് എന്നതാണ് കരാർ വ്യവസ്ഥ. എന്നാൽ മേൽ സൂചിപ്പിച്ച തീയതികളിൽ കരാറുകാരൻ കിസ്റ്റ് തുക അടവാക്കിയിട്ടില്ല. 8.11.2017 നം 21.3.2107 നം(A2/7450/2017) നോട്ടീസ് നല്കിയെങ്കിലും പ്രതികരണമുണ്ടായില്ല. തുടർന്ന് 11.12.2017 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 13.12.2017 മുതൽ കരാറുകാരനെ ഒഴിവാക്കാനും പുനർ ലേലം ചെയ്യാനും തീരുമാനിച്ചു(20.12.2017 ന് പുനർലേലം നടത്തി 4,05,000/-രൂ രസീത് 11700100521/21.12.17 പ്രകാരം പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. 13 മുതൽ 20 വരെ തീയതികളിൽ നേരിട്ട് പിരിക്കാൻ തീരുമാനിച്ചു). എന്നാൽ ആദ്യ കരാറുകാരന് 30.9.2017മുതലുള്ള പിഴപ്പലിശ സഹിതം 12,49,073/-രൂപക്ക് RR നടപടി സ്വീകരിച്ചിട്ടുണ്ട് ( Req no.2018/1948/01 dt15.2.18). തുടർ നടപടികൾ സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല. RR നടപടി ത്വരിതപ്പെടുത്തി തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ബി) ലേല നടപടിക്രമങ്ങളിൽ അപാകം-ധനകാര്യ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

1) ലേലത്തുകയുടെ രണ്ടാം ഗഡു ഒടുക്ക വരുത്തേണ്ടത് 30.6.2017 ൽ ആയിരുന്നു. പ്രസ്തുത കരാർ കാലാവധിക്ക് ശേഷവും കിസ്റ്റ് ഒടുക്ക് വരുത്താത്ത സാഹചര്യത്തിൽ ഡിമാന്റ് നോട്ടീസ് നല്കാൻ സെക്ഷൻ കൈകാര്യം ചെയ്ത ക്ലാർക്കിനും, മേൽ നോട്ട ചുമതലയുള്ള സൂപ്രണ്ടിനും, സെക്രട്ടറിക്കും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇത് നഷ്ട സാധ്യത വർദ്ധിപ്പിക്കാൻ ഇടയാക്കി.

2) ലേല വ്യവസ്ഥയിൽ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണം എന്ന വ്യവസ്ഥ ഒഴിവാക്കിയത് നിയമനടപടിയുടെ സാധ്യതക്ക് മങ്ങലേൽപ്പിക്കാൻ ഇടയാക്കി.

3) നേരിട്ട് ഗേറ്റ് ഫീസ് ഈടാക്കിയതിൽ പിഴവ്- ആദ്യ കരാറുകാരന് സ്റ്റോപ്പ് മെമ്മോ നല്കിയ തീയതി മുതൽ രണ്ടാമത് കരാറ് നല്കിയത് വരെയുള്ള കാലയളവിൽ ഗേറ്റ് ഫീസ് പിരിവ് നേരിട്ട് നടത്തുന്നതിന് മെമ്പർമാരേയും സെക്ഷനേയും പഞ്ചായത്ത് ഭരണ സമിതി 11.12.2017 ലെ 11(2)തീരുമാന പ്രകാരം ചുമതലപ്പെടുത്തി. അതിൻ പ്രകാരം 13.12.2017 മുതൽ 20.12.2017വരെ ഗ്രാമപഞ്ചായത്ത് നേരിട്ട് പിരിവ് നടത്തി ലഭിച്ച 23675/-രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക വരുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി ഗ്രാമ പഞ്ചായത്ത് 10 രസീത് ബുക്കുകൾ പ്രിന്റ് ചെയ്തതിൽ 5എണ്ണം ഉപയോഗിച്ചിട്ടുണ്ട്. ബാക്കിയുള്ള 5രസീത് ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പിരിവിന് ഉപയോഗിച്ച രസീത് ബുക്കുകൾ certificate of count രേഖ പ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ദിവസേനയുള്ള പിരിവ് രസീതുകൾ മേൽ നോട്ടച്ചുമതലയുള്ള സൂപ്രണ്ട് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായും കാണുന്നില്ല. ആഭ്യന്തര നിയന്ത്രണത്തിലെ വീഴ്ചയാണ് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>പെർഫോമൻസ് ഓഡിറ്റ് ശക്തമാക്കണം</u>

1997ലെ കേ.പ.രാ (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ)ചട്ടം 1(vi) പ്രകാരം പഞ്ചായത്തിന്റെ സാമ്പത്തികവും ഭരണപരവും ആയ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും, സർക്കാരിന്റെ കാലാകാലങ്ങളിലുള്ള മാർഗ നിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും, ഫലപ്രദമായും നിർവഹിക്കുകയും, വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനും, സ്ഥാപനത്തിലെ കണക്കുകൾ രേഖകൾ, നികുതിയുടെ അസസ്മെന്റ്, ഡിമാന്റ്, കളക്ഷൻ എന്നിവ സൂക്ഷ്മമായി പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ അവചൂണ്ടിക്കാട്ടി നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നല്കി ഒരു "Corrective agency" ആയി വർത്തിക്കണമെന്നാണ് വ്യവസ്ഥ.2017-18 സാമ്പത്തിക വർഷത്തില് പെർഫോമൻസ് ഓഡിറ്റ് ഈഗ്രാമപഞ്ചായത്ത് പരിശോധനക്ക് വിധേയമാക്കിയിട്ടില്ല. cheque no.980978/12.10.17 പ്രകാരം 10000 രൂപ തനത് ഫണ്ടിൽ നിന്ന് പെർഫോമൻസ് ഓഡിറ്റ് മെച്ചപ്പെടുത്താൻ സർക്കാരിന്റെ നിർദ്ദേശാനുസരണം നല്കിയിട്ടുണ്ട്( letter no.A2/114/2016, 25.9.17). പ്രസ്തുത പരിശോധനയുടെ അഭാവം ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ

പ്രതിഫലിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (59/19.2.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 വൌച്ചർ പരിപാലനം- അക്കൌണ്ടിംഗ് ചട്ടങ്ങൾ പാലിക്കണം

പഞ്ചായത്തിലെ ചെലവ് വൗച്ചറുകൾ കേ.പ.രാ. അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം10 പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല. ചെലവുകൾ പേയ്മെന്റ് ഓർഡർ ലഭ്യമാക്കാതെയും വൗച്ചർ നം. രേഖപ്പെടുത്താതെയും, പ്രസിഡന്റ് അംഗീകരിക്കാതെയും നടത്തിയിട്ടുണ്ട്. 2017 ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസത്തെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ചെക്ക് നം./തീയതി | തുക | ഇനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഇല്ല (ജൂലൈ) | ഇല്ല | 1,74,400 | ജനപ്രതിനിധികളുടെ ജൂൺ മാസത്തെ ഹോണറേറിയം | പ്രസിഡന്റ് ചെലവ് അംഗീകരിച്ചിട്ടില്ല |
| 2 | ഇല്ല (ജൂലൈ) | 030316/3.7.17 | 3915 | സിറ്റിംഗ് ഫീ | പ്രസിഡന്റ് ചെലവ് അംഗീകരിച്ചിട്ടില്ല |
| 3 | ഇല്ല (ജൂലൈ) | 030324/13.7.17 | 4600 | റിഫ്രഷ്മെന്റ് ചാർജസ് | പ്രസിഡന്റ് ചെലവ് അംഗീകരിച്ചിട്ടില്ല |
| 4 | ഇല്ല (ജൂലൈ) | ഇല്ല | 25000 | MNREGS എഞ്ചിനീയറുടെ ശമ്പളം | പ്രസിഡന്റ് ചെലവ് അംഗീകരിച്ചിട്ടില്ല |
| 5 | ഇല്ല (ഓഗസ്റ്റ്) | 030358/7.8.17 | 14854 | പഞ്ചായത്ത് വാഹനത്തിന്റെ സർവിസ് സംബന്ധിച്ച ചെലവ് | സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രസിഡന്റ് ചെലവ് അംഗീകരിച്ചിട്ടില്ല |
| 6 | ഇല്ല (ഓഗസ്റ്റ്) | ഇല്ല | 720 | പഞ്ചായത്ത് വാഹനത്തിന്റ റിപ്പയർ | സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രസിഡന്റ് ചെലവ് അംഗീകരിച്ചിട്ടില്ല |
| 7 | ഇല്ല (സെപ്റ്റംബർ) | 980967/25.9.17 | 720 | ഹൈമാസ്റ്റ് ലൈറ്റ് ലൈറ്റ് റിപ്പയർ ചാർജ് | പ്രസിഡന്റ് ചെലവ് അംഗീകരിച്ചിട്ടില്ല |

കേ.പാ.രാ അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 34 പ്രകാരം സെക്രട്ടറി/ എക്സ് ഒഫീഷ്യോ സെക്രട്ടറി/ നിർവഹണ ഉദ്യോഗസ്ഥൻ എന്നിവർക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള എല്ലാ അലോട്ട്മെന്റുകളും പഞ്ചായത്ത് പ്രസിഡന്റ് അധികൃതമാക്കേണ്ടതാണ് എന്ന ചട്ടം പാലിച്ചിട്ടില്ല. ചട്ടം29 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവ് ചെയ്യാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ബിൽ തയ്യാറാക്കി, ബന്ധപ്പെട്ട രജിസ്റ്ററുകളിൽചേർത്ത് പാസാക്കുമ്പോൾ അധികാരമുള്ള ഉദ്യോഗസ്ഥൻ ക്ലെയിം പരിശോധിച്ച് തുക പാസാക്കിയതായി രേഖപ്പെടുത്തി ഒപ്പം സീലും വയ്ക്കേണ്ടതാണെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-3 കൈമറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് നൽകുന്ന കണ്ടിൻജൻറ് ചെലവ് തുകകൾ– സാമ്പത്തിക വർഷത്തിന് ശേഷവും ചെലവഴിക്കുന്നു-ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി

**ശ്രദ്ധിക്കണം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിൻജന്റ് ചെലവുകൾക്കായി സ.ഉ(.എം.എസ്സ്) 80/2017/LSGD dtd.03.04.2017 പ്രകാരം തനത് ഫണ്ടിൽ നിന്നും തുകകൾ അനുവദിക്കാവുന്നതാണ്. ഒരു വർഷത്തെ ചെലവിനായി, പി.എച്ച്.സി, കൃഷി ഭവൻ, ആയുർവ്വേദ ഡിസ്പെൻസറി, കഠിനംകുളം വെറ്റിനറി ആശുപത്രി, അസിസ്റ്റൻറ് എഞ്ചിനീയറുടെ കാര്യാലയം, ഐ.സി.ഡി.എസ്സ് സൂപ്പർവൈസറുടെ ഓഫീസ് എന്നീ സ്ഥാപനങ്ങൾക്ക് 22.06.2017 ലെ ജനറൽ കമ്മിറ്റി തീരുമാന നമ്പർ V(1) പ്രകാരം തുകകൾ നൽകിയിട്ടുണ്ട്.എന്നാൽ ടി ചെലവുകളിൻമേലുള്ള പരിശോധന മാർച്ച് 31 ന് മുൻപായി നടത്തി, ബാക്കി തുക തനത് ഫണ്ടിൽ എത്തിക്കുവാൻ ഉദ്യോഗതലത്തിലും, ഭരണതലത്തിലും ശ്രമം ഉണ്ടായില്ല.

| സ്ഥാപനത്തിന്റെ പേര് | നൽകിയ തുക,ചെക്ക് നം./തീയതി. | മാർച്ച് 31 ന മുൻപായി ചെലവഴിച്ച തുക | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയം | 25000/- 3778745/30.11.2017 | 17572/- | 7428/- | 2428 രൂപ കൈവശം സൂക്ഷിക്കുകയും,5000/- രൂപ ബാങ്കിൽ സൂക്ഷിക്കുകയും ചെയ്തു. |
| ഐ.സി.ഡി.എസ്സ് | 20000/- 3778728/ 05.07.2017 | 5588/- | 14412/- | ബാക്കി തുക ട്രഷറി അക്കൗണ്ട്സിൽ സൂക്ഷിച്ചു. |
| ആയുർവ്വേദ ഡിസ്പെൻസറി. ചേരമാൻതുരുത്ത് | 28000/- 3778725/05.07.2017 | 27860/- | 140/- | ബാക്കി തുക ട്രഷറി അക്കൗണ്ട്സിൽ സൂക്ഷിച്ചു. |
| പി.എച്ച്.സി | 108840/- 3778723/05.07.2017 | 107295/- | 1545/- | ബാക്കി തുക 20.04.2018 ൽ ചെലവ് ചെയ്തു. |
| ആയുർവ്വേദ ഡിസ്പെൻസറി. കഠിനംകുളം | 30000/- 3778726/05.07.2017 | 20421/- | 9579/- | ബാക്കി തുക ട്രഷറി അക്കൗണ്ട്സിൽ ചെലവ് ചെയ്തു.. |
| കൃഷി ഭവൻ | 23500/- | 21111/- | 2389/- | ബാക്കി തുക ട്രഷറി അക്കൗണ്ട്സിൽ ചെലവ് ചെയ്തു.. |
| വെറ്റിനറി | 55600 | 24654/- | 30946/- | ബാക്കി തുക ട്രഷറി അക്കൗണ്ട്സിൽ സൂക്ഷിച്ചു. |

നിർദ്ദിഷ്ട ബഡ്ജറ്റ് പ്രൊപ്പോസൽ മാതൃകയിൽ നല്ലാത്ത പ്രൊപ്പോസൽ തുകയാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.ചെലവ് ചെയ്യാത്ത 66439/- രൂപ തനത് ഫണ്ടിൽ എത്തിക്കുവാൻ ഉദ്യോഗ തലത്തിൽ അക്കൗണ്ടന്റ്/സെക്രട്ടറിയും, ഭരണതലത്തിൽ ധനകാര്യ. സ്റ്റാൻഡിംഗ് കമ്മിറ്റിയും വീഴ്ച വരുത്തിയിട്ടുണ്ട്. ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ

വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്ന ഊർജ്ജം, പൊതുമരാമത്ത്, വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി 2017-18 വർഷം തെരുവ് വിളക്ക് പരിപാലനത്തിന് സെക്രട്ടറി നിർവ്വഹണ ഉദ്യഗസ്ഥയായി ചുവടെപ്പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെപ്പറയുന്നു.

i) സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് ഉപകരണം വാങ്ങൽ

Project No. :211/2018

അടങ്കൽ : 1,49,900(തനത്)

cheque no :6912972 , 17.3.18

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഉപകരണങ്ങൾ വാങ്ങുവാൻ രൂപീകരിച്ച് നടപ്പിലാക്കിയതാണ് ഈ പദ്ധതി.

1) അറ്റകുറ്റ പണികൾക്കായി സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 6.1 പ്രകാരം ആവശ്യകതാ നിർണ്ണയം നടത്താതെയാണ് പ്രോജക്ട് രൂപീകരിച്ച് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്.പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും തെരുവ് വിളക്ക് എണ്ണം, അവയിൽ പ്രവർത്തനരഹിതമായത്, മെയിന്റനൻസ് ആവശ്യമായത് എന്നിങ്ങനെയുള്ള അവശ്യ വിവരങ്ങൾ കെ.എസ്.ഇ.ബി അധികൃതരുമായി സംയുക്തപരിശോധന നടത്തി തിട്ടപ്പെടുത്തി വേണം ആവശ്യകതാ നിർണ്ണയം നടത്തേണ്ടിയിരുന്നത് എന്നിരിക്കെ അപ്രകാരമുള്ള നടപടികൾ പഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല.

2) പ്രസ്തുത പ്രോജക്റ്റ് പ്രകാരം 1,40,540/-രൂപയുടെ സാധനങ്ങൾ നന്ദനം ഡിസ്ട്രിബ്യൂട്ടേഴ്സ്, പേട്ട, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. നോട്ട് ഫയലിൽ paid via cheque no:6912972 on17.3.18, Treasury savings bank account (അവസാന പേജ്) എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സെക്രട്ടറി അനുമതി നല്കി ഒപ്പിട്ടില്ല. കൂടാതെ സാംഖ്യ പേയ്മെന്റ് ഓർഡർ ഉൾപ്പെടെ ചെലവ് സംബന്ധിച്ച അനുബന്ധ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ചെലവ് പഞ്ചായത്തിന്റെ വാർഷിക ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുമില്ല.

3) കുറഞ്ഞത് മൂന്ന്ക്വട്ടേഷനുകൾ എങ്കിലും ലഭ്യമായില്ലെങ്കിൽ വീണ്ടും ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ് എന്ന സ്റ്റോർ പർച്ചേസ് മാന്വലിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്റ്റിന് ഹാർമണി എഞ്ചിനീയേഴ്സ്, നന്ദനം ഡിസ്ട്രിബ്യൂട്ടേഴ്സ് എന്നിങ്ങനെ രണ്ടു സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് ക്വട്ടേഷൻ ലഭിച്ചിട്ടുള്ളത്. വീണ്ടും ക്വട്ടേഷൻ ക്ഷണിക്കാതെ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ഒരു സ്ഥാപനത്തെ തെരഞ്ഞെടുക്കുകയാണ് ഉണ്ടായത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.40/15.2.19) ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നില്ല.

ii)സ്ട്രീറ്റ് ലൈറ്റിന് LED വാങ്ങൽ 2017-18

Project No. : 119/18

അടങ്കൽ : 1576419(വി.ഫ)+9681(തനത്)

ചെലവ് : 1576419

ബിൽനം./തീയതി: 21/25.1.18(795380), 29/26.3.18(781039)

1) മേൽ പ്രോജക്റ്റ് പ്രകാരം സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്(SILK) എന്ന സ്ഥാപനത്തിൽ നിന്ന് 24Wഎൽ.ഇ.ഡി ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്.

സ്ഥാപനം സപ്ലൈ ചെയ്ത 329 LED ലൈറ്റുകളിൽ 258എണ്ണം വിവിധ വാർഡുകളിലായി ഉപയോഗിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമാണ്.വിവിധ വാർഡ് മെമ്പർമാരുടെ സർട്ടിഫിക്കറ്റ് പ്രകാരമാണ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. ബാക്കിയുള്ള 71എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) SILK എന്ന സ്ഥാപനത്തിന് നല്കിയ payment വിവരങ്ങളിൽ തനത് ഫണ്ടിൽ നിന്നുള്ള 9681/-രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല

iii)S0120/18, സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചാർജ്

അടങ്കൽ : 3,00.000/-(മെയിന്റനൻസ് ഫണ്ട്-റോഡിതരം)

ചെലവ് : 188837രൂപ , (പഞ്ചായത്ത് ചെലവ് പത്രിക ചെലവ് രേഖപ്പെടുത്തിയിട്ടില്ല)

തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി രൂപീകരിച്ച പ്രസ്തുത പ്രോജക്റ്റ് പ്രകാരമുള്ള പ്രവൃത്തികൾ എം.അനിൽകുമാർ, വിളയിൽവീട്, ചന്തവിള(ലൈസൻസ് നം. CC10541) എന്ന വ്യക്തിക്ക് കരാർ വ്യവസ്ഥയിൽ നല്കിയിരിക്കുന്നു.എന്നാൽ പ്രോജക്റ്റ് പ്രകാരം ഏതൊക്കെ പ്രവൃത്തികൾ ചെയ്തു, കരാർ വ്യവസ്ഥകൾ, ചെലവ് രേഖകൾ ഫയലിൽ ലഭ്യമല്ല.

188837/-രൂപ എം.അനിൽകുമാർ എന്ന വ്യക്തിക്ക് നല്കിയിട്ടുള്ളതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് ഉൾപ്പെടാത്തതിന് കാരണം തുക Q ബിൽ ആയി മാറിയതാണ് എന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ( നം45/15.2.2019)ത്തിന് മറുപടി നല്കിയിട്ടുണ്ട്.

iv) തെരുവ് വിളക്കുകൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് കൃത്യമായകണക്കില്ല- ഈ ഇനത്തിൽ അധിക ചെലവിന് സാധ്യത

പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ ഇനവും എണ്ണവും സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. പഞ്ചായത്തിലെ പരിധിയിൽവരുന്ന ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഓരോ സെക്ഷനിലും എത്ര തെരുവുവിളക്കുകൾ/പോസ്റ്റുകൾ ഉണ്ട്, ഏതൊക്കെ തരം എന്നീ വിവരങ്ങൾ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും ശേഖരിച്ച് തെരുവു വിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ആയതിനാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ അധിക ചെലവിന് സാദ്ധ്യതയുണ്ട്.

v)കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല

സർക്കുലർ നമ്പർ 3055/ഡി.എ/3/11തീയ്യതി 15-09-11 ന്റെ ഖണ്ഡിക 2(ബി) പ്രകാരം തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് കരാറിലേർപ്പെടുന്നതിന് മുമ്പ് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിരിക്കണമെന്നും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം കരാർ എന്നും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ല. 07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി യിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരമാണ് ഒടുക്കിവരുന്നത്. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

ഇത് സംബന്ധിച്ച് 5/11.2.2019 ആയി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് സംയുക്ത പരിശോധന നടത്തുന്നതിന് KSEBക്ക് കത്ത് നല്കിയിട്ടുണ്ടെന്നും, തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ മേൽനോട്ടച്ചുമതലയുള്ള വികസന, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

## 3-5 സാംഖ്യ സ്റ്റേറ്റ്മെന്റിൽ ചെലവു വിവരം ഉൾപ്പെടുത്തിയിട്ടില്ല

(i)പ്രോജ.നം. : 196/18 പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 2,00,000/-- ചെലവ്. /-2,00,000/-

ഫണ്ട് : (തനത്.ഫണ്ട് 2,00,000/-)

സ്റ്റാൻഡിംഗ് കമ്മിറ്റി , ആരോഗ്യകാര്യം വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യം വിദ്യഭ്യാസം

മെഡിക്കൽ ഓഫീസർ ( പി.എച്ച്.സി.) നിർവഹണോദ്യോഗസ്ഥനായി പി.എച്ച്.സി.ക്കായി ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കി മരുന്ന് വാങ്ങുന്നതിനായി രൂപീകരിച്ച മേൽ പ്രോജക്ടിനായി 08.01.2018-ലെ ചെക്ക് നം.3778753 പ്രകാരം 2,00,000/- രൂപ തനത് ഫണ്ടിൽ നിന്ന് നിർവഹണ ഉദ്യോഗസ്ഥന് അനുവദിക്കുകയും ചെലവ് നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. സാംഖ്യ ചെലവ് പത്രികയിൽ ഈ ചെലവ് ഉൾപ്പെട്ടിട്ടില്ല.

ii)പ്രോജക്ട് നം.077/18-ജൈവ സമൃദ്ധി, പ്രോജക്ട് നം.115/18-ജലസേചന പമ്പ് സെറ്റ് എന്നീ പ്രോജക്ടുകളുടെ സാംഖ്യ

സ്റ്റേറ്റ്മെന്റിൽ ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന വിഹിതം ഉൾപ്പെട്ടിട്ടില്ല.

## 3-6 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.-3660259/- തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായുള്ള വിവിധ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്കു വരുത്തിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.വിശദവിവിരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ്/നമ്പർ | തുക കൈപ്പറ്റിയ സ്ഥാപനം | തുക | ഫണ്ടിനം | ബിൽ നം./ തീയതി |
|---|---|---|---|---|---|
| 1 | S063/18,<br>IKM ന് വിഹിതം നല്കൽ | ഇൻഫോർമേഷൻ കേരള മിഷൻ | 106133 | വികസന ഫണ്ട്-ജനറൽ | 4/17-18, 12.7.17 |
| 2 | S0157/18,തെരുവ് വിളക്ക് മെയിൻ ദീർഘിപ്പിക്കൽ | KSEB (കഴക്കൂട്ടം) | 5,00.000 | " | 11/17-18, 19.10.2017 |
| 3 | S0195/18-ജലശ്രീ | ജില്ലാപഞ്ചായത്ത് | 100000 | " | 20/17-18, 25.11.2017 |
| 4 | S061/18-എസ്.എസ്.എ വിഹിതം നല്കൽ | ജില്ലാ സാക്ഷരതാ മിഷൻ | 1253626 | " | 5/17-18, 12.7.2017 |
| 5 | S0121/18-പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ജല അതോറിട്ടി | 2200000 | ധനകാര്യകമ്മീഷൻ അവാർഡ് | 7/17-18, 26.7.2017 |
| ആകെ | | | 4159759 | | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 ഓഫീസ് വാഹന പരിപാലനം-അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള രജിസ്ട്രേഷൻ നമ്പർ KL22E 4290 പ്രകാരമുള്ള വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

- റിപ്പയർ രജിസ്റ്റർ, മെയിൻറനൻസ് രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല
- ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കണം എന്ന സർക്കാർ നിർദ്ദേശം പാലിച്ചില്ല
- യാത്രചെയ്ത ഉദ്യോഗസ്ഥർ ലോഗ് ബുക്കിൽ ഒപ്പ് വയ്ക്കുന്നില്ല
- അറ്റകുറ്റപ്പണികളെയും സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല

ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.41/2008/ധനം. തീയതി, 02/08/2008 പ്രകാരം ഓഫീസ് വാഹനങ്ങളുടെ ഇന്ധനത്തിന്റെയും അറ്റകുറ്റപ്പണികളെയും സംബന്ധിച്ച വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 51/16.02.2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ഇത്തരം അപാകതൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകളും മാർഗ നിർദ്ദേശങ്ങളും കർശനമായും പാലിച്ചുകൊണ്ട് വാഹനം പരിപാലിക്കേണ്ടതാണ്.

## 3-8 ചാന്നാങ്കര ചന്ത പുതുവൽ റോഡ് റീടാറിംഗ്- അധികാര പരിധിക്ക് പുറത്തുള്ള പ്രവർത്തികൾനടപ്പിലാക്കി.-18318/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട്നം. : SO 30/18

അടങ്കൽ തുക : 1143695/-

ചെലവ് തുക : 1037432/-

ഫണ്ടിനം മെയിൻറനൻസ് ഫണ്ട്(റോഡ്)

എസ്റ്റിമേറ്റ് ആധാരം DSR 16 with CI 1.4667

കോൺട്രാക്ടർ :ബി.മോഹനൻ

എം.ബുക്ക് 143/16-17

ബിൽ നം. 23/21.12.2017

97.7 മീറ്റർ നീളത്തിലുള്ള റോഡ് പുനർനിർമ്മിക്കുന്നതിനാൽ ബേസായി DSR കോഡ് 4.11.2 പ്രകാരം Granular Sub base ഉപയോഗിക്കേണ്ടതുണ്ട്. പുനർനിർമ്മിക്കുന്ന അളവിൽ മാത്രം Sub base ഉപയോഗിക്കുന്നതിനു പകരം 127.95 മീറ്റർ നീളത്തിൽ GSB ഒരുക്കിയിരിക്കുന്നു. എസ്റ്റിമേറ്റിനും എസ്റ്റിമേറ്റ് റിപ്പോർട്ടിനും വിരുദ്ധമായി നടന്ന പ്രവൃത്തിയായതിനാൽ ടി വിവരം ഉൾപ്പെടുത്തി ഓഡിറ്റ് അന്വേഷണം 28/12.02.2019 നൽകി. ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ അധികമായി ചെയ്ത 30.25 മീറ്റർ നീളത്തിലുള്ള GSB ജില്ലാ പഞ്ചായത്ത് റീടാറിംഗിനായി തിരഞ്ഞെടുത്ത ഇതേ റോഡിന്റെ മറ്റൊരു ഭാഗത്തായി ചെയ്തിട്ടുള്ളതാണെന്ന് പറയുന്നു. ജില്ലാ പഞ്ചായത്ത് മുഖേന ചെയ്യുന്ന റോഡിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെടേണ്ട പ്രവൃത്തി പഞ്ചായത്ത് ചെലവിൽ വന്നത് നിയമപരമല്ല. അധികമായി GSB ചെയ്തിട്ടുള്ളത് 30.24x3.40x0.10=10.2816 ഘനമീറ്ററിലാണ്.

ഒരു ഘനമീറ്ററിന് ആവശ്യമായ തുക = 1781.93

നഷ്ടമായ തുക = 1781.93 x 10.28 = 18318.24

പഞ്ചായത്തിന്റെ അധികാര പരിധിക്ക് പുറത്തുള്ള പ്രവൃത്തി നടപ്പിലാക്കിയത് മൂലം 18318/-രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. നഷ്ടത്തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-9 സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് -ഫീസ് ശരിയായ കണക്ക ശീർഷകത്തിൽ അടവാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അദ്ധ്യയന വർഷത്തിനു മുന്നോടിയായി എൻജിനിയറിംഗ് വിഭാഗത്തിൽ നിന്ന് നേടേണ്ടതാണ്. (H.O(P)No.84/9PW &T dtd.19.08.97 പ്രകാരം, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഫീസ് TR-5 രസീതു വഴി ഈടാക്കി 0515-00-800-93 എന്ന കണക്ക് ശീർഷകത്തിൽ എൻജിനിയറിംഗ് വിഭാഗം അടവാക്കേണ്ടതാണ്. എന്നാൽ സർട്ടിഫിക്കറ്റു നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

- അപേക്ഷകൾക്കു മേൽ ഈടാക്കേണ്ട ഫീസ് TR-5 രസീതു വഴി വാങ്ങാതെ അപേക്ഷകർ നേരിട്ട് അടവാക്കുന്നു.
- പല സ്കൂളുകളും തെറ്റായ ശീർഷകത്തിലാണ് തുക അടവാക്കിയിട്ടുള്ളത്.

ഉദാ: St.Ignatious UPS, Puthenthope.

St. Vincent's H.S, Kaniyapuram

St. Martha's Special School.

മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കുവാൻ എൻജിനീയറിംഗ് വിഭാഗം പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

## 3-10 ഹെഡ്മാസ്റ്റർ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ രേഖകൾ ഹാജരാക്കിയില്ല-ചെലവു തുക 1272680 രൂപ തടസ്സപ്പെടുത്തുന്നു.

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി 7 പദ്ധതികൾ വിഭാവനം ചെയ്തിരുന്നുവെങ്കിലും 3 പദ്ധതികൾ മാത്രമേ

നടപ്പിലാക്കിയിട്ടുള്ളൂ. നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകളും അനുബന്ധ രേഖകളും ഹാജരാക്കുവാൻ 19/02/19 ലെ ഓഡിറ്റ് റിക്വസിഷനിലൂടെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫയലുകൾ ഓഡിറ്റിനു ഹാജരാക്കുവാൻ നിർവഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവു തുക |
|---|---|---|
| SO 78/18 | ഗ്രാമപഞ്ചായത്ത് എൽ.പി സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം 2016-17 | 331830 (വികസന ഫണ്ട്) + തനത്ഫണ്ട് |
| 90/18 | ഗ്രാമപഞ്ചായത്ത് എൽ.പി സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം 2017-18 | 694090 (വികസന ഫണ്ട്) |
| 91/18 | ഹൈസ്കൂളിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങി നൽകൽ | 150000 (വികസന ഫണ്ട്) 96760 (തനത് ഫണ്ട്) |

രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവു തുകയായ 12,72,680/- രൂപ തടസ്സപ്പെടുത്തുന്നു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ - രേഖകൾ സൂക്ഷിക്കുന്നില്ല – ചെലവ് നിർവ്വഹണത്തിൽ അപാകങ്ങൾ

1. പ്രോജക്ട് നം.077/18-ജൈവ സമൃദ്ധി അടങ്കൽ 541200 ചെലവ് 387600

2.പ്രോജക്ട് നം.097/18-വീട്ടിൽ ഒരു അടുക്കള തോട്ടം അടങ്കൽ 50750 ചെലവ് 50750

3.പ്രോജക്ട് നം.100/18- ഫലവൃക്ഷതൈകൾ വിതരണം അടങ്കൽ 13000 ചെലവ് 13000

4.പ്രോജക്ട് നം.116/18- കിഴങ്ങ് വർഗ്ഗങ്ങളുടെ കിറ്റ് വിതരണംഅടങ്കൽ 66000 ചെലവ് 66000

സ്റ്റാൻഡിംഗ് കമ്മിറ്റി .വികസനകാര്യം വർക്കിംഗ് ഗ്രൂപ്പ്. കൃഷിയും അനുബന്ധമേഖലകളും

മേൽ പ്രോജക്ടുകളുടെ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(i) 20 സെന്റ് സ്ഥലത്ത് 60 ഗ്രൂപ്പുകൾക്ക് ജൈവകൃഷി നടത്തുന്നതിന് സബ്സിഡി അനുവദിച്ച ജൈവസമൃദ്ധി പ്രോജക്ടിന്റെ അപേക്ഷകൾ പരിശോധിച്ചതിൽ 20 സെന്റിൽ കുറഞ്ഞ സ്ഥലമുള്ള ഗ്രൂപ്പിനും സബ്സിഡി പൂർണ്ണ നിരക്കിൽ അനുവദിച്ചിട്ടുണ്ട്.(ഉദാ. പവിത്രം കുടുംബശ്രീ ഗ്രൂപ്പ്, മേനംകുളം, അന്ന കുടുംബശ്രീ ഗ്രൂപ്പ്, കഠിനംകുളം, സാഗര ഗ്രൂപ്പ്, മര്യനാട്)

(ii) പാട്ടകൃഷിക്ക് ഗ്രൂപ്പുകൾക്ക് തുക അനുവദിക്കുന്ന സാഹചര്യത്തിൽ കൃഷി നടത്തിയിട്ടുണ്ടെന്ന് കൃഷി ഓഫീസർ ലഭ്യമാക്കേണ്ട സർട്ടിഫിക്കറ്റും പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(iii) ഗുണഭോക്തൃ വിഹിതത്തിൽ നിന്നുള്ള ചെലവ് രേഖകൾ പ്രോജക്ട് ഫയലിനൊപ്പം സൂക്ഷിക്കുന്നില്ല.

(iv) പ്രോജക്ടുകളുടെ പൂർത്തീകരണം, വിലയിരുത്തിയ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പ്രോജക്ട് ഫയലുകൾക്കൊപ്പം ലഭ്യമാക്കിയിട്ടില്ല.

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും മോണിറ്ററിംഗ് സമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 3-12 വികസനഫണ്ട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ടി.എസ്.ബി. അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് ചെലവ് നിർവ്വഹിച്ചു - മാർഗ്ഗ രേഖയുടെ ലംഘനം

1. പ്രോജക്ട് നം.077/18-ജൈവ സമൃദ്ധി അടങ്കൽ 541200 ചെലവ് 387600

2.പ്രോജക്ട് നം.100/18- ഫലവൃക്ഷതൈകൾ വിതരണം അടങ്കൽ 13000 ചെലവ് 13000

സ്റ്റാൻഡിംഗ് കമ്മിറ്റി,വികസനകാര്യം വർക്കിംഗ് ഗ്രൂപ്പ്, കൃഷിയും അനുബന്ധമേഖലകളും

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം.077/18-ജൈവ സമൃദ്ധി പ്രോജക്ട്, പ്രോജക്ട് നം.100/18- ഫലവൃക്ഷതൈകൾ വിതരണം എന്നീ പ്രോജക്ടുകളുടെ ചെലവു രേഖകൾ പരിശോധിച്ചതിൽ വികസന ഫണ്ട് വിഹിതം ഉൾപ്പെടെ നിർവഹണ ഉദ്യോഗസ്ഥന്റെ ടി.എസ്.ബി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് ചെലവ് നിർവഹിച്ചു കാണുന്നു. ഈ പ്രവണത Go(P)177/2006/Fin dated 12.04.2006& GO(P) 119/2015/Fin dated: 21.03.2015 നമ്പർ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.60/19.02.19 ന് തുടർ വർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശം ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പ്രോജക്ട് നം.077/18-ജൈവ സമൃദ്ധിപ്രോജക്ട് ചെലവുരേഖകൾ പ്രകാരം 3,34,300/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. സാംഖ്യ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 387600/- രൂപയാണ്. പ്രോജക്ട് പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ള സാഹചര്യത്തിൽ അടങ്കൽ തുകയിൽ നിന്ന് ചെലവു തുക വ്യത്യാസം വരാൻ കാരണം അന്വേഷിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം.60/19.02.19 ന് വ്യത്യാസമുള്ള തുക ജില്ല, ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി ചെലവഴിച്ച തുകയാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ചെലവു പൊരുത്തപ്പെടുത്തി വ്യത്യാസമുള്ള തുകയുടെ (53300/-) ചെലവു വിവരം ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-13 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - സബ്സിഡി തുക കർഷകർക്ക് നേരിട്ട് നൽകുന്നതിന് പകരം സഹകരണ സംഘ അക്കൗണ്ട് വഴി വിതരണം ചെയ്തു - മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചില്ല.

പ്രോജക്ട് നം.SO068/18 അടങ്കൽ :15,00,000/- ചെലവ് : 10,97,385/-

വി.ഫ. 5,00,000/- ബ്ളോക്ക് പഞ്ചായത്ത് 5,00,000/-ജില്ലാപഞ്ചായത്ത് : 5,00,000/-

സ്റ്റാന്റിംഗ് കമ്മിറ്റി വികസന കാര്യം വർക്കിംഗ് ഗ്രൂപ്പ് മൃഗസംരക്ഷണം, ക്ഷീര വികസനം

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ 2017-18 സാമ്പത്തിക വർഷത്തെ മേൽ പ്രോജക്ടിൽ നിന്ന് ക്ഷീര കർഷകർക്ക് ലഭിക്കേണ്ട സബ്സിഡി തുകയായ (10,97,385/- രൂപ) കർഷകരുടെ അക്കൗണ്ടിൽ നേരിട്ട് നൽകുന്നതിന് പകരം ക്ഷീര കർഷകർക്ക് വിതരണം ചെയ്യുന്നതിനായി ചിറ്റാറ്റുമുക്ക്, മേനംകുളം, കഠിനംകുളം, കഴക്കൂട്ടം എന്നീ പാൽ സൊസൈറ്റികളുടെ അക്കൗണ്ടുകളിലേക്ക് വിതരണം ചെയ്തതായി കാണുന്നു. ഈ രീതിയിൽ വിതരണം ചെയ്തതിനു കാരണം, ആയതിന് അനുവാദം നൽകുന്ന വ്യവസ്ഥ/ഉത്തരവിന്റെ പകർപ്പ് എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.27/12.02.2018-ന് ഡയറി ഫാം ഇൻസ്ട്രക്ടർ ലഭ്യമാക്കിയ മറുപടിയിൽ സൊസൈറ്റികളുടെ അക്കൗണ്ടു വഴി കർഷകർക്ക് തുക വിതരണം ചെയ്തിട്ടുണ്ടെന്നും തുടർ വർഷങ്ങളിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിൽ നേരിട്ട് നൽകുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്ഷീര കർഷകർക്ക് ലഭിക്കേണ്ട സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിൽ നേരിട്ട് നൽകുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത് എന്നതിനാൽ, മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ഇത്തരം നടപടി അനുവദിക്കാവുന്നതല്ല. ഈ വിഷയത്തിൽ ബന്ധപ്പെട്ട വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, മൃഗസംരക്ഷണം, ക്ഷീര വികസനം വർക്കിംഗ് ഗ്രൂപ്പിന്റെയും മേൽ നോട്ടക്കുറവ് ഉണ്ടായതായി കാണുന്നു.

## 3-14 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി -പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ

പ്രോജ.നം. SO 068/18 അടങ്കൽ. 15,00,000//- ചെലവ്. 10,97,385/-

ഫണ്ട് . വി.ഫ. 5,00,000/, ബ്ളോക്ക് പഞ്ചായത്ത് . 5,00,000/-, ജി.പ. 5,00,000/

സ്റ്റാൻഡിംഗ് കമ്മിറ്റി .വികസന കാര്യം,

വർക്കിംഗ് ഗ്രൂപ്പ്. മൃഗസംരക്ഷണം, ക്ഷീര വികസനം

ഡയറി ഫാം ഇൻസ്ടക്ടർ നിർവഹണ ഉദ്യോഗസ്ഥനായ മേൽ പ്രോജക്ടിന്റെ അക്കൗണ്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

(1) പ്രോജക്ടിൽ ബ്ളോക്ക് പഞ്ചായത്ത് വിഹിതമായ 5,00,000/- രൂപയിൽ 497385/- രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ AFS-ൽ പ്രസ്തുത തുകയുടെ വരവ് വിവരം ലഭ്യമല്ല.

(2) ജില്ലാ പഞ്ചായത്ത് വിഹിതമായ 5,00,000/ രൂപയിൽ 1,00,000/- രൂപയാണ് ചെലവഴിച്ച് കാണുന്നത്. ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.27/12.02.19) മറുപടി ലഭിച്ചിട്ടില്ല.

(3) ബ്ളോക്ക് പഞ്ചായത്ത് വിഹിതമായ 5,00,000/- രൂപയിൽ 497385/- രൂപ ചെലവഴിച്ചതിനു ശേഷം ബാക്കിയുള്ള 2615/- രൂപ തിരികെ അടവാക്കിയതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.27/12.02.19) മറുപടി ലഭിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ സഉ(പി)നം.07/2017 തീ.23.01.217-ൽ സംയുക്ത പ്രോജക്ടുകളിൽ മാർച്ച് 31-ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരികെ അടക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(4) ജില്ലാ പഞ്ചായത്ത് വിഹിതമായ 5,00,000/ രൂപയിൽ 1,00,000/- രൂപയാണ് ചെലവഴിച്ച് കാണുന്നത്, ജില്ലാ പഞ്ചായത്ത് വിഹിതമായി കിട്ടിയ തുകയിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ തിരിച്ചടവ് വിവരം, മേൽ പ്രോജക്ടിനായി ബ്ളോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ലഭിച്ചതിന്റെ വിവരം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.27/12.02.19) മറുപടി ലഭിച്ചിട്ടില്ല.

(5) ജില്ലാ പഞ്ചായത്ത് വിഹിതമായ 5,00,000/ രൂപയിൽ മുഴുവൻ തുകയും ലഭിക്കാതുണ്ടെങ്കിൽ ആ വിവരം വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.27/12.02.19) മറുപടി ലഭിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ സംയുക്ത പ്രോജക്ടുകളുടെ രൂപീകരണത്തിൽ സർക്കാരിന്റെ സ.ഉ.(എം.എസ്.)നം.72/2017 /ത.സ്വ.ഭ. ഖ.6.5-ലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നത് പരിശോധനാ വിധേയമാക്കാൻ സാധിച്ചിട്ടില്ല.

പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച മൃഗസംരക്ഷണം, ക്ഷീര വികസനം വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് ഗ്രൂപ്പിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പദ്ധതി രൂപീകരണം, നിർവ്വഹണം എന്നീ ഘട്ടങ്ങളിലും പദ്ധതി പൂർത്തീകരണം, മോണിറ്ററിംഗ് എന്നീ ഘട്ടങ്ങളിലും ബന്ധപ്പെട്ട ധനകാര്യ, വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികളുടെയും, മൃഗസംരക്ഷണം, ക്ഷീര വികസനം വർക്കിംഗ് ഗ്രൂപ്പിന്റെയും മേൽ നോട്ടക്കുറവ് ഉണ്ടായതായി കാണുന്നു.

## 3-15 മത്സ്യ മേഖലയിലെ സ്പെഷ്യൽ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

കഠിനംകുളം ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക കരട് മാർഗ്ഗ രേഖ, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പ്രകാരം പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പേരും (4449 കുടുംബങ്ങൾ) സമുദ്രമേഖലയിലും ഉൾനാടൻ മേഖലയിലും മത്സ്യ ബന്ധനം/അനുബന്ധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും പഞ്ചായത്തിലെ 23 വാർഡുകളിൽ 5 വാർഡുകൾ മത്സ്യ ഗ്രാമങ്ങളുമാണ്(വാർഡ് 19,20,21,22,23). കൂടാതെ, സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം നിരവധി കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉള്ളവരുമാണ്. 27.02.17-ലെ മത്സ്യ ബന്ധനം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ മത്സ്യ മേഖലയുടെ ഉന്നമനത്തിനായി പ്രോജക്ടുകൾ മുന്നോട്ട് വച്ചിട്ടുള്ളതുമാണ്. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവഹണ ഉദ്യോസ്ഥനായി 2017-18 സാമ്പത്തിക വർഷം മത്സ്യ മേഖലയിൽ 5 സ്പെഷ്യൽ പ്രോജക്ടുകൾ രൂപീകരിച്ചുവെങ്കിലും നടപ്പിലാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.24/11.02.19-ന് നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ഓഖി ദുരന്തം ബാധിച്ച പ്രദേശമായതിനാൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകേണ്ടി വന്നതിനാൽ സമയബന്ധിതമായി പ്രോജക്ട് നടപ്പിലാക്കാൻ സാധിച്ചില്ല എന്നറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ഏറ്റവും ഊന്നൽ നൽകേണ്ട മേഖലകളിൽ ഒന്നാണ് സമുദ്രമേഖലയിലും ഉൾനാടൻ മേഖലയിലും മത്സ്യ ബന്ധനം/അനുബന്ധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും മത്സ്യ ഗ്രാമങ്ങളുടെയും ഉന്നമനം എന്നതും ഓഖി

ദുരന്തം അതിജീവിക്കേണ്ടി വന്ന മേഖല എന്നതും ഈ മേഖലയ്ക്ക് നൽകേണ്ട പ്രാധാന്യം സൂചിപ്പിക്കുന്നു. തുടർ വർഷങ്ങളിൽ ഈ മേഖലയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നൽകി പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും സർക്കാർ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രോജക്ടുകളുടെ രൂപീകരണത്തോടൊപ്പം മത്സ്യ ബന്ധനം വർക്കിംഗ് ഗ്രൂപ്പിന്റെ മേൽ നോട്ടത്തിൽ, മേഖലയുടെ അടിയന്തര നടപടി ആവശ്യമുള്ള ഏരിയകൾ കണ്ടെത്തുകയും ആവശ്യമെങ്കിൽ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി സാധൂകരണം നേടി നൂതന പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ കൈത്താങ്ങ് അത്യാവശ്യമായ മേഖല എന്ന നിലയിൽ വർക്കിംഗ് ഗ്രൂപ്പ്, പ്രോജക്ട് ശുപാർശകൾ സമർപ്പിക്കുന്നതോടൊപ്പം പ്രോജക്ട് രൂപീകരണം, ഫണ്ടിന്റെ ലഭ്യത, നിർവ്വഹണം, പൂർത്തീകരണം, വിലയിരുത്തൽ എന്നീ ഘട്ടങ്ങളിലും സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലൂടെ ജനക്ഷേമ പദ്ധതികൾ ജനങ്ങളിലേക്ക് എത്തുന്നുവെന്നതിന് മാർഗ്ഗ ദർശകമാകാവുന്നതാണ്.

## 3-16 അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്ട് രൂപീകരിച്ചതിൽ നിന്ന് വ്യത്യസ്തമായി ചെലവ് നിർവ്വഹിച്ചു.

പ്രോജ.നം.127/18 അടങ്കൽ. 4,03,500/- ചെലവ്. 281282/-

ഫണ്ട്.(maintenance fund Non-Road) ബിൽ നം.8/17-18/21.03.18

സ്റ്റാൻഡിംഗ് കമ്മിറ്റി .ക്ഷേമകാര്യം വർക്കിംഗ് ഗ്രൂപ്പ്. സാമൂഹ്യക്ഷേമം

നിർവഹണഉദ്യോഗസ്ഥൻ . ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം കഠിനംകുളം ഗ്രാമപഞ്ചായത്തിലെ 49 അങ്കണവാടികൾക്ക് പ്ളാറ്റ്ഫോംസ്കെയിൽ ,റാക്ക് എന്നിവ വാങ്ങുന്നതിനും 18 അങ്കണവാടികൾക്ക് വെയിംഗ് സ്കെയിൽ വാങ്ങുന്നതിനുമായി രൂപീകരിച്ച പ്രോജക്ടിന്റെ ചെലവ് രേഖകൾ പ്രകാരം പ്രോജക്ടിൽ ഉൾപ്പെട്ട റാക്ക് വാങ്ങൽ ഉപേക്ഷിക്കുകയും പ്രോജക്ട് പ്രൊപ്പോസലിൽ ഉൾപ്പെടാതിരുന്ന കസേര (535 എണ്ണം) 2,07,580/- രൂപ ചെലവു ചെയ്ത് വാങ്ങിയതായും കാണുന്നു. റാക്ക് വാങ്ങുന്നതിനു പകരം കസേര വാങ്ങാനുണ്ടായ സാഹചര്യം, പ്രസ്തുത വിഷയം സ്റ്റാ.കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിൽ സ്റ്റാ.കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് തീരുമാനത്തിന്റെ പകർപ്പ്. ജനറൽ കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ്, പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ( വർക്കിംഗ് ഗ്രൂപ്പ് ശുപാർശ, സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം, റിവൈസ്ഡ് പ്രോജക്ട്, കസേര വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരം) ഈ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.32/13.02.19-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ ഖ.6.8(4) പ്രകാരം അംഗീകാരം ലഭിച്ച ഒരു പ്രോജക്ടിന്റെ പ്രവർത്തനങ്ങളിലോ അടങ്കൽ തുകയിലോ ഭേദഗതി വരുത്തിതായി നിശ്ചയിക്കുകയാണെങ്കിൽആപ്രകാരം ഭേദഗതി വരുത്തി ഭരണ സമിതി അംഗീകരിച്ച ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും അംഗീകാരം തേടേണ്ടതുമാണ്. ഈ നിർദ്ദേശങ്ങളൊന്നും തന്നെ പാലിച്ചു കാണുന്നില്ല. ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടായതായി കാണുന്നില്ല.

## 3-17 പാലിയേറ്റിവ് കെയർ പരിചരണം - മരുന്നു വാങ്ങൽ പ്രോജക്ട് - മരുന്ന് യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്.

പ്രോജ.നം.093/18 പാലിയേറ്റീവ് പരിചരണ പദ്ധതി

അടങ്കൽ. 13,00,932/- ചെലവ്. /-13,00,932/-

ഫണ്ട് .( വി.ഫ. 13,00,932/-)

സ്റ്റാൻഡിംഗ് കമ്മിറ്റി .ആരോഗ്യകാര്യം വർക്കിംഗ് ഗ്രൂപ്പ്. ആരോഗ്യം വിദ്യാഭ്യാസം

1. സാമ്പത്തിക വർഷം അടിസ്ഥാനമാക്കി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചുകാണുന്നു. ഈ പ്രവണത ഒഴിവാക്കേണ്ടതും ഓരോ വർഷത്തെയും പേമെന്റിന് അനുക്രമമായി മരുന്ന് ലഭിക്കുന്നുണ്ടെന്ന് ആരോഗ്യം വിദ്യഭ്യാസ വർക്കിംഗ് ഗ്രൂപ്പ് പരിശോധന നടത്തി ഉറപ്പാക്കേണ്ടതുമാണ്.

2. 2017-18 സാമ്പത്തിക വർഷത്തെ പാലിയേറ്റീവ് കെയർ ചെലവു വിവരങ്ങൾ പരിശോധിച്ചതിൽ മരുന്നു വാങ്ങൽ

ഒഴികെയുള്ള പ്രവർത്തികൾക്ക് (ഉദാ. പാലിയേറ്റീവ് നേഴ്സിന്റെ വേതനം, വണ്ടി വാടക, അനുബന്ധ ചെലവുകൾ എന്നിവ) തുക ചെലവഴിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.47 ന് തുക ചെലവു ചെയ്തിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ, പാലിയേറ്റീവ് കെയർ പരിചരണം പ്രവർത്തനങ്ങൾ പരിശോധനാ വിധേയമാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ഈ വിഷയം ബന്ധപ്പെട്ട ആരോഗ്യകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ആരോഗ്യം വിദ്യാഭ്യാസം വർക്കിംഗ് ഗ്രൂപ്പിന്റെയും ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 3-18 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു

തനത് ഫണ്ടിൽ നിന്ന് 1,00,000/- രൂപ വകയിരുത്തി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായുള്ള പ്രോജക്ട് ആണ് "ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ"(പ്രോജ.നം.198/18) എന്നത്. പ്രസ്തുത പ്രോജക്റ്റിലേക്കായി ഹോംകോ മാനേജിംഗ് ഡയറക്ടറുടെ പേരിൽ 1,00,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നല്കുന്നതിന് മെഡിക്കൽ ഓഫീസറുടെ റിക്വസിഷൻ പ്രകാരം തുക അനുവദിച്ചിരിക്കുന്നതായി( ചെക്ക് നം.981052/21.12.2017 ) നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, പ്രസ്തുത പ്രോജക്റ്റ് സംബന്ധിച്ച ചെലവ് രേഖകൾ , ഹോമിയോ ഡിസ്പെൻസറി Stock register എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

ഓഡിറ്റിൽ അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതും ആണ്.

## 3-19 മാലിന്യസംസ്കരണപ്ലാന്റ് സ്ഥാപിക്കൽ - സ്പിൽഓവറായും നടപ്പിലാക്കിയില്ല- 9,91,530/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ തിരികെ ഒടുക്കേണ്ടതാണ്.

ചിറ്റാറ്റുമുക്ക് മാർക്കറ്റിൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ജില്ലാ ആസൂത്രണസമിതി അംഗീകാരം നേടിയിട്ടുള്ള മേൽ സ്പിൽ ഓവർ പ്രോജക്റ്റ് 2017-18 സാമ്പത്തിക വർഷത്തിലും നടപ്പാക്കാൻ പഞ്ചായത്തിന് കഴിഞ്ഞില്ല. പ്രസ്തുത പ്രോജക്ററിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 9,91,530 രൂപ നാളിതുവരെ തിരികെ അടവാക്കിയിട്ടുമില്ല.

| പ്രോജക്റ്റ് നം, പേര് | അടങ്കൽ തുക | നിർവഹണം |
|---|---|---|
| S003/18, ചിറ്റാറ്റുമുക്ക് മാർക്കറ്റിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ (സ്പിൽ ഓവർ) | 12,00,000 (2,08,470തനത്+9,91,530 ബ്ലോക്ക് വിഹിതം) | സെക്രട്ടറി |
| സ്റ്റാന്റിംഗ് കമ്മിറ്റി : വികസനകാര്യ സ്റ്റാ.കമ്മിറ്റി | | |

മാലിന്യപ്ലാന്റ് വാങ്ങാൻ നിശ്ചയിച്ചിരുന്ന സ്ഥാപനമായ "എക്കോമാൻ" എന്ന സ്ഥാപനത്തിന് ശുചിത്വ മിഷനിൽ സാങ്കേതികാനുമതി ലഭ്യമാകാതിരുന്നതിനാലാണ് പ്രോജക്റ്റ് നടപ്പിലാക്കാൻ കഴിയാത്തത് എന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (53/21/2/2019) മറുപടി നല്കിയിട്ടുണ്ട്.

സ്പിൽ ഓവർ പ്രോജക്റ്റുകൾ സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ് എന്ന് സർക്കാർ മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി നിർവഹണം നടത്തുന്ന സംയുക്ത പ്രോജക്റ്റുകളുടെ വിഭവം വകയിരുത്തലും, ധനവിനിയോഗവും സംബന്ധിച്ച് G.O(P).07/2017/fin dtd.23.01.2017, G.O(ms).No.72/17/lsgd dtd.29.03.2017 para.6.5 എന്നീ സർക്കാർ ഉത്തരവുകളിൽ വിശദീകരിക്കുന്നു. മേൽ ഉത്തരവുകൾ പ്രകാരം . പ്രോജക്ട് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതാണ്. 2016-17 ലെ മേൽ പ്രോജക്റ്റിൽ അപ്രകാരമുള്ള നടപടിക്രമങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. സ്പിൽഓവറായും പ്രോജക്റ്റ് നടപ്പിലാക്കാത്തതിനാൽ ബ്ലോക്ക് വിഹിതം തിരികെ അടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-20 ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- സർക്കാർ നിർദ്ദേശം പൂർണമായും

പാലിക്കേണ്ടതാണ്.

സർക്കാർ നിർദ്ദേശം പൂർണമായും പാലിച്ചുകൊണ്ട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിക്കാത്തതിനാൽ ഗുണഭോകതൃലിസ്റ്റിൽ അനർഹർ ഉൾപ്പെടുകയും, അർഹരായ ഗുണഭോക്താക്കളുടെ അഭാവത്തിൽ പല പദ്ധതികളും ഉപേക്ഷിക്കുകയോ പൂർണമായി നടപ്പാക്കാൻ കഴിയാതെ വരുകയോ ചെയ്തിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | അടങ്കൽ | ചെലവ് | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 64/18, യുവജനങ്ങൾക്ക് ഓട്ടോറിക്ഷ വാങ്ങൽ (സ്പിൽഓവർ) | 350000 വി.ഫ-എസ് സിപി | 0 | അസി.സെക്രട്ടറി |
| 2 | 180/18, ആശ്രയപദ്ധതി | 10,00,000 വി.ഫ-ജനറൽ | 1,00,000 | " |
| 3 | 194/18, സ്വയംതൊഴിലിന് ടാക്സികാർ പിക്അപ്പ് വാൻ | 31,27,583 വി.ഫ-എസ് സിപി 72417/- തനത്ഫണ്ട് | 6,00,000 | " |

ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്റ്റുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2017-18 സാമ്പത്തിക വർഷം സ.ഉ(എം.എസ്.80/2017/ത.സ്വ.ഭ.വ തീ.3.4.2017 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. അപേക്ഷ സ്വീകരിച്ച ശേഷം അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുകയും, അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻപേരെയും ഉൾപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കുകയും വേണം. എന്നാൽ അപ്രകാരം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി മുൻഗണന നിശ്ചയിച്ചല്ല കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധനയിൽ നിന്നും, ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 3/11.2..2019 ന് ലഭിച്ച മറുപടിയിൽ നിന്നും വ്യക്തമാകുന്നു.

## 3-21 അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്റ്റുകൾ- എസ്.സി.പി ഫണ്ട് വിനിയോഗം34% മാത്രം

തൻവർഷം അസി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള രണ്ട് സ്പിൽഓവർ പ്രോജക്റ്റുകൾ ഉൾപ്പെടെ ആകെ 9 പ്രോജക്റ്റുകളിൽ 5 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. വിവിധ പ്രോജക്റ്റുകൾക്കായി 67,51,000/- രൂപ ആകെ അടങ്കൽ വകയിരുത്തിയെങ്കിലും 30% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. 55,65,583/- രൂപ വികസനഫണ്ട്എസ് സി പി യിൽ നിന്ന് വകയിരുത്തിയിട്ടുള്ളതിൽ 19,41,824/-(34%) മാത്രമേ വിനിയോഗിക്കാൻ ആയിട്ടുള്ളു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വഷണം 22/11.02.2019 ന് എസ്.സി ഫണ്ട് കൂടുതലായി വകയിരുത്തിയിട്ടുള്ള സ്വയം തൊഴിലിന് ടാക്സി കാർ പിക് അപ്പ് വാൻ പദ്ധതിക്ക് ഗുണഭോക്താക്കളെ ലഭ്യമാകാതെ വന്നതാണ് ഇപ്രകാരം ഫണ്ട് വിനിയോഗം കാര്യക്ഷമമാകാതെ വന്നതിന് കാരണം എന്ന് മറുപടി നല്കിയിട്ടുണ്ട്.

പഞ്ചായത്തിൽ നാളിതുവരെ എസ്.സി നിരീക്ഷണക്കമ്മിറ്റി രൂപീകരിച്ചിട്ടില്ല. എസ്.സി നീരീക്ഷണക്കമ്മിറ്റി രൂപീകരിക്കുകയും വരും വർഷങ്ങളിൽ പട്ടിക ജാതി വികസനത്തിന് ഉതകുന്ന തരത്തിൽ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും ആണ്.ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

## 3-22 പദ്ധതി മോണിട്ടറിംഗ് അനിവാര്യം.

2017-18 സാമ്പത്തികവർഷം പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. 29.3.2017ലെ സ.ഉ(എം.എസ്)72/2017/ത.സ്വ.ഭ.വ സർക്കാർ ഉത്തരവിലെ ഖണ്ഡിക 14.6 പ്രകാരം പ്രോജക്റ്റ് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതും,അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുമാണ്. പ്രസ്തുത സമിതികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതുമാണ്. എന്നാൽ തൻവർഷം നടപ്പാക്കിയ പ്രോജക്റ്റുകൾ ഒന്നും അപ്രകാരമുള്ള മോണിറ്ററിംഗ് ചെയ്തിട്ടില്ല (മിനിട്സ്, ഫയൽ പരിശോധന) . ഇക്കാര്യം മേൽനോട്ട ചുമതലയുള്ള അതത് സ്റ്റാന്റിംഗ്കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃദ്ധി പാലിന് സബ്സിഡി | 1180285 | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 782900 | ജൈവസമൃദ്ധി പാലിന് സബ്സിഡി | 743150 | |

(ലഭിച്ച തുക, ചെലവ്, ബാലൻസ് ഇവ തമ്മിലുള്ള പൊരുത്തക്കേടുകൾ ഖണ്ഡിക 1.12-ൽ സൂചിപ്പിച്ചിട്ടുണ്ട്.)

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയ തിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | KWA | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 22,00,000 | 22,00,000 | 0 |
| 2 | KSEB | തെരുവ് വിളക്ക് മെയിൻ ദീർഘിപ്പിക്കൽ | 5,00,000 | 5,00,000 | 0 |

നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിലും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ B-18 ഷെഡ്യൂളിൽ വന്നിട്ടുള്ള 2212221/- രൂപയിൽ 12221/- രൂപയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശ്യം | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | 8/10/ems /cc/tvpm dtd 20.1.2010 | 20350500 | 17943600 | 1500000 | | 906900 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| 1 | ഇന്ത്യൻ ബാങ്ക് | 50,00,000/- |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 16,33,16,863 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 12,75,07,224 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 18318 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5532439 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായതുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8 | - | 18318 | ശ്രീമതി.ബി.ജയലക്ഷ്മി, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നം. | ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 3-6 | 4159759 | ശ്രീമതി.ആമിനാബായി, സെക്രട്ടറി |
| 2 | 3-9 | 1272680 | മുഹമ്മദ് റാഫി, ഹെഡ്മാസ്റ്റർ (മുഹമ്മദ് റാഫി, സബർമതി, ചെറുകായൽക്കര, മുരുക്കുംപുഴ പി.ഒ, തിരുവനന്തപുരം, 695302) |

| | | | |
|---|---|---|---|
| 3 | 3-18 | 100000 | ശ്രീമതി.ആമിനാബായി, സെക്രട്ടറി |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെസ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ബി.ജയലക്ഷ്മി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കഠിനംകുളം ഗ്രാമപഞ്ചായത്ത് | ഫ്ലാറ്റ് നം. 16B , ചെറിബിൽഡിംഗ്, SFS സൈബർ പാംമ്സ്, കരിമണൽ പി.ഒ, തിരുവനന്തപുരം, 695583 |

## **4-10** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2000-01 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.899/02 തീ.25.06.2014 | - |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.257/04 തീ.25.06.2014 | - |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.703/08 തീ.25.06.2014 | - |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.708/08 തീ.19.04.2014 | - |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.380/09 തീ.22.09.2009/ 09.02.2010 | - |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.381/09 തീ. 05.10.2009/ 09.02.2010 | - |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.326/10 തീ.13.06.2011 | - |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.327/10 തീ.03.12.2013 | - |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.2101/11 തീ.28.06.2012 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.2101/11 തീ.25.04.2013 | - |
| 2010-11 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11.2266/11 തീ.18.12.2015 | - |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.1108/13 തീ.09.06.2015 | - |
| 2012-13 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11.1341/14 തീ.18.12.2015 | - |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/264/16 തീ.16.03.2016 | - |

| | | |
|---|---|---|
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1234/16 തീ.21.07.2016 | - |
| 2015-16 | നം. കെ.എസ്.എ. റ്റി.വി.എം.ജി.പി.11/1964/16 തീയതി 14.11.2016 | - |
| 2016-17 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി. 11 /1935/2017 തീയതി: 27.9.2017 | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ കഠിനംകുളം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.